LIBRARY ARCHIVES Kerala Legislative Assembly

മയക്കുമരുന്നുകളും കഞ്ചാവും വിറ്റതിന്റെ പേരിലുള്ള കേസുകൾ

241 (3753) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെയും കഞ്ചാവിന്റെയും വിൽപന വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ എത്ര പേർക്കെതിരെ 2015-16 വർഷത്തിൽ കേസ് എടുത്തിട്ടുണ്ട്;

(സി) ഓരോ കേസിലും പ്രതികൾ കൈവശം വച്ചിരുന്ന സാധനങ്ങളുടെ അളവ് എത്രയാണ്;

(ഡി) സ്റ്റേഷനിൽ നിന്നും ജാമ്യം നൽകിയത് എത്ര പേർക്കാണ്, കോടതിയിൽ ഹാജരാക്കി എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു; എത്ര പേരെ വിട്ടയച്ചു; വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് 2015-16 വർഷത്തിൽ 33 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(സി & ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

242 (3754) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്, വിശദാംശം ലഭ്യമാക്കാമോ ;

(സി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗിക്കുന്ന സ്വഭാവം ആരംഭദിശയിൽ തന്നെ തടയുന്നതിനായി സ്കൂൾ അധികൃതരുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്